സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 275 2026 ഫെബ്രുവരി 14 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

പലിശക്കാരുടെ ഭീഷണി : ഗുരുവായൂരിൽ വീട്ടമ്മ തീ കൊളുത്തി ജീവനൊടുക്കി

ഗുരുവായൂർ: പലിശക്കാരുടെ ഭീഷണിയെ തുടർന്ന് ഗുരുവായൂരിൽ വീട്ടമ്മ തീ കൊളുത്തി ജീവനൊടങ്ങി.ഇരിങ്ങപ്പുറം പുതുവീട്ടിൽ ഷിഹാബിന്റെ ഭാര്യ രാമനത്ത് വീട്ടിൽ ജുമൈല (50)യാണ് മരിച്ചത്. വീടിനു പുറകിലെ പറമ്പിലാണ് ജുമൈലയെ തീ കൊളുത്തി മരിച്ച നിലയിൽ കണ്ടെത്തിയത്. ഒരു വർഷം മുമ്പ് ജുമൈല നാട്ടുകാരിയായ അബിദ എന്ന സ്ത്രീയിൽ നിന്ന് പലിശക്ക് അമ്പതിനായിരം രൂപ വാങ്ങിയിരുന്നതായി മകൻ ഷിനാസ്.പലിശയിനത്തിൽ മാത്രമായി മാസം 10,000 രൂപ വീതം എട്ടു മാസത്തോളം നൽകിയെങ്കിലും രണ്ടുമാസത്തോളം പണം നൽകാൻ സാധിച്ചില്ല. ഇതേത്തുടർന്ന് പലിശക്കാരിയായ ആബിദ ഭീഷണിപ്പെടുത്തിയിരുന്നതായി കുറിപ്പെഴുതി വച്ചശേഷമാണ് ജുമൈല ജീവനോടുക്കിയത്. ആബിദയുടെ ഭാഗത്തുനിന്നും ഭീഷണി ഉണ്ടായിരുന്നുവെന്ന് ജുമൈല.

'പൂരം കലക്കലിൽ ഒന്നാംപ്രതി അന്നത്തെ കളക്ടർ; അദ്ദേഹം പിന്നീട് ബിജെപി ഭരിക്കുന്നയിടത്ത് സെക്രട്ടറിയായി'

തൃശ്ശൂർ: തൃശ്ശൂർ പൂരം അലങ്കോലപ്പെട്ടതിൽ അന്നത്തെ ജില്ലാ കളക്ടറാണ് ഒന്നാംപ്രതിയായി വരേണ്ടതെന്ന് മുൻ മന്ത്രി വി.എസ്. സുനിൽകുമാർ. അതിൽ യാതൊരു സംശയവുമില്ലെന്നും ഇതേ കളക്ടർക്ക് തിരഞ്ഞെടുപ്പ് കഴിഞ്ഞ് രണ്ടാഴ്ചയ്ക്കകം ബിജെപി ഭരിക്കുന്ന സംസ്ഥാനത്ത് ഉപമുഖ്യമന്ത്രിയുടെ സെക്രട്ടറിയായി നിയമനം ലഭിച്ചതോടെ അത് വ്യക്തമാണെന്നും അദ്ദേഹം പറഞ്ഞു.

ഏതുകാലത്തും പൂരം നടത്തിപ്പിന്റെ പ്രധാന ഉത്തരവാദിത്വം ജില്ലാ ഭരണകൂടത്തിനും ജില്ലാ കളക്ടർക്കുമാണ്. അന്ന് പെരുമാറ്റച്ചട്ടം ഉള്ളതിനാൽ മന്ത്രിമാർക്കോ രാഷ്ട്രീയനേതാക്കൾക്കോ അത്തരം കാര്യങ്ങളിൽ ഇടപെടാൻ പരിമതിയുണ്ടായിരുന്നു. അന്ന് ഈ സംഭവം നടക്കുമ്പോൾ ജില്ലാ കളക്ടറുടെ പൂർണസാന്നിധ്യം അവിടെയുണ്ടായിരുന്നു.

സത്യംപറഞ്ഞാൽ ഏതെങ്കിലും ഉദ്യോഗസ്ഥൻ ഇതിൽ പ്രതിസ്ഥാനത്ത് വരികയാണെങ്കിൽ ഒന്നാംപ്രതിയായി വരേണ്ടത് അന്നത്തെ ജില്ലാ കളക്ടറാണ്. അതിൽ യാതൊരു സംശയവുമില്ല. അന്ന് ജില്ലാ കളക്ടറെ ബന്ധപ്പെട്ടപ്പോൾ നിങ്ങൾ അങ്ങോട്ടേക്ക് വരേണ്ടെന്നാണ് കളക്ടർ പറഞ്ഞത്. അങ്ങനെയുള്ള വർത്തമാനം പറഞ്ഞെങ്കിലും സംഭവിച്ചത് മറിച്ചാണ്. പൂരം അലങ്കോലപ്പെടാനുള്ള എല്ലാ അവസരവും ഉണ്ടായത് കളക്ടറുടെ നിസ്സംഗത കാരണമാണെന്നും വി.എസ്. സുനിൽകുമാർ ആരോപിച്ചു.

അന്ന് പുലർച്ചെ മൂന്നരയ്ക്ക്ശേഷം താനും മന്ത്രി രാജനും ഇടപെട്ട്, തിരുവമ്പാടി ദേവസ്വവുമായി സഹകരിച്ചാണ് വെടിക്കെട്ട് നടന്നത്. ആ യോഗത്തിൽ എന്തുകൊണ്ട് കളക്ടർ പങ്കെടുത്തില്ല. അതിന്റെ അർത്ഥം പൂരം അലങ്കോലപ്പെടണമെങ്കിൽ അലങ്കോലപ്പെടട്ടേ എന്ന് കളക്ടർ കരുതിയിരുന്നു. തിരഞ്ഞെടുപ്പ് കഴിഞ്ഞ് രണ്ടാഴ്ചക്കുള്ളിൽ ബിജെപി ഭരിക്കുന്ന സംസ്ഥാനത്തെ ഉപമുഖ്യമന്ത്രിയുടെ സെക്രട്ടറിയായി അദ്ദേഹം മാറിയപ്പോൾ അത് വ്യക്തമാണ്. പൂരം കലക്കലിൽ യഥാർഥ പ്രതികൾ ആരാണെന്ന് കണ്ടെത്തണമെന്നും വി.എസ്. സുനിൽകുമാർ പറഞ്ഞു.

പൂരം കലക്കലിൽ രാഷ്ട്രീയ ഗൂഢാലോചനയുണ്ട്. ആ രാഷ്ട്രീയ ഗൂഢാലോചനയാണ് പുറത്തുവരേണ്ടത്. ആ ഗൂഢാലോചന നടത്തിയിട്ടുള്ളത് പൂരം അലങ്കോലപ്പെടുത്തുന്നതിലൂടെ അതിന്റെ രാഷ്ട്രീയമായ ലാഭം കൊയ്തിട്ടുള്ള ആ പ്രസ്ഥാനവും അതുമായി ബന്ധപ്പെട്ട ആളുകളുമാണ്. അവർക്കാണ് പൂരം കലക്കലിന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്വം. അവർക്ക് സഹായകമായ നിലപാടുകൾ ദേവസ്വത്തിലെ ചില ആളുകൾ എടുത്തിട്ടുണ്ടെന്നത് വസ്തുതയാണ്. ചില പോലീസ് ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും അതുണ്ടായി. എ

ഡിജിപി അവിടെ ഉണ്ടായിട്ടും അതിൽ ഇടപെട്ടില്ല എന്ന ചർച്ചയും ഉണ്ടായിട്ടുണ്ട്.

തൃശ്ശൂർ പൂരം അടുത്തിരിക്കെ ഒരുവിവാദത്തിലേക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. തിരുവമ്പാടി ദേവസ്വം പ്രതിയാണെന്ന് വരുത്തിതീർക്കാൻ ശ്രമിക്കുന്നത് ഒരിക്കലും യോജിക്കാനാകില്ല. അതിലെ ചില സ്ഥാപിത താത്പര്യമുള്ള വ്യക്തികൾ, ചില ഉദ്യോഗസ്ഥരുടെ ഒത്താശയോടെ രാഷ്ട്രീയ ലക്ഷ്യത്തോടെ അലങ്കോലപ്പെടുത്തിയെന്നാണ് തന്റെ അഭിപ്രായമെന്നും വി.എസ്. സുനിൽകുമാർ വ്യക്തമാക്കി.

തൃശ്ശൂർപ്പൂരം അലങ്കോലപ്പെട്ടതിൽ പോലീസിന് വീഴ്ചയില്ലെന്ന ക്രൈംബ്രാഞ്ച് റിപ്പോർട്ട് കഴിഞ്ഞദിവസം പുറത്തുവന്നിരുന്നു. അലങ്കോലപ്പെട്ടതിന് തിരുവമ്പാടി ദേവസ്വത്തിന്റെ ചില നിലപാടുകളും കാരണമായെന്നാണ് ക്രൈംബ്രാഞ്ച് എ.ഡി.ജി.പി. എച്ച്. വെങ്കിടേഷിന് കൈമാറിയ റിപ്പോർട്ടിൽ പറഞ്ഞിരുന്നത്.

കളക്ടറുടെയും സിറ്റി പോലീസ് കമ്മിഷണറുടെയും സാന്നിധ്യത്തിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ അതേപടി നടപ്പാക്കാതിരുന്നതാണ് അനിഷ്ടസംഭവങ്ങൾക്ക് ഇടയാക്കിയത്. പ്രശ്നം പരമാവധി രമ്യതയിൽ പരിഹരിക്കാൻ സ്ഥലത്തുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർ ശ്രമിച്ചു. ഉദ്യോഗസ്ഥതലത്തിൽ പൂരം കലക്കാൻ ഗൂഢാലോചന നടന്നിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. അതേസമയം, പൂരം കലക്കലിൽ ആരോപണവിധേയനായ എ.ഡി.ജി.പി. അജിത് കുമാറിനെക്കുറിച്ച് റിപ്പോർട്ടിൽ പരാമർശമില്ല.

പൂരം അലങ്കോലപ്പെട്ടതിലെ മൂന്നാമത്തെ അന്വേഷണമാണ് ഇപ്പോൾ പൂർത്തിയാകുന്നത്. ഉദ്യോഗസ്ഥവീഴ്ചയാണ് ക്രൈം ബ്രാഞ്ച് അന്വേഷിച്ചത്.

പൂരംനടത്തിപ്പിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ വീഴ്ചയില്ലെന്ന് ആദ്യ അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. സ്ഥലത്തുണ്ടായിരുന്ന എ.ഡി.ജി.പി എം.ആർ. അജിത്കുമാർ പ്രശ്നത്തിൽ ഇടപെട്ടില്ലെന്ന ആരോപണമുയർന്നിരുന്നു.

ഇതേക്കുറിച്ച് അന്നത്തെ പോലീസ് മേധാവി ഷേയ്ക്ക് ദർവേഷ് സാഹിബ് നടത്തിയ അന്വേഷണത്തിൽ ക്രമസമാധാനച്ചുമതല വഹിച്ചിരുന്ന എ.ഡി.ജി.പി.യുടെ ഭാഗത്ത് വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിരുന്നു.

പാലക്കാട് ഇന്ത്യാസഖ്യമായി മത്സരിക്കാൻ സിപിഎം വിമതരും യുഡിഎഫും; പി.കെ ശശിയോടും സംസാരിച്ചു

പാലക്കാട്: കഴിഞ്ഞ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ പാലക്കാട്ടെ സിപിഎമ്മിനെ ഞെട്ടിച്ച കൊഴിഞ്ഞാമ്പാറ മാതൃക നിയമസഭാ തിരഞ്ഞെടുപ്പിൽ ജില്ലയിലെ പല ഭാഗത്തും പരീക്ഷിക്കാൻ സിപിഎം വിമതരും യുഡിഎഫും. ജില്ലാ സിപിഎം നേതൃത്വവുമായുള്ള തർക്കം കടുത്ത വിഭാഗീയതയിലേക്ക് നീങ്ങിയപ്പോൾ വിമതവിഭാഗം സിപിഎം നേതാക്കൾ യുഡിഎഫിനൊപ്പം ചേർന്ന് ഇന്ത്യാ മുന്നണിയായി തദ്ദേശതിരഞ്ഞെടുപ്പിൽ കൊഴിഞ്ഞാമ്പാറ പഞ്ചായത്തിന്റെ ഭരണം പിടിച്ചിരുന്നു. ഇതേ മാതൃകയാകും നിയമസഭാ തിരഞ്ഞെടുപ്പിലും പരീക്ഷിക്കുക.

വിമതരുടെ പക്ഷത്തേക്ക് മുൻ എംഎൽഎ പി.കെ ശശിയെ കൊണ്ടുവരാനും ശ്രമിക്കുന്നുണ്ട്. ഇതിനായി പി.കെ ശശിയുമായി സംസാരിച്ചെന്നും എന്നാൽ മറുപടിയൊന്നും പറഞ്ഞില്ലെന്നും വിമത നേതാവും കൊഴിഞ്ഞാമ്പാറ പഞ്ചായത്ത് പ്രസിഡന്റുമായ എം സതീശ് പ്രതികരിച്ചു.

കഴിഞ്ഞ പാർട്ടി സമ്മേളനത്തിന് ശേഷമാണ് പാലക്കാട് ജില്ലയിലെ സിപിഎമ്മിനുള്ളിൽ ശക്തമായ വിഭാഗീയത രൂപപ്പെട്ടത്. ഇത് പരസ്യപ്രതികരണത്തിലേക്കും പരസ്യ പ്രകടനത്തിലേക്കുമെല്ലാം നയിച്ചത് വലിയ തലവേദനയാണ് പാർട്ടിക്ക് ഉണ്ടാക്കിയത്. തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ പല ഭാഗങ്ങളിലും വിമതർ സ്ഥാനാർഥികളെ നിർത്തുകയും സിപിഎമ്മിന് ശക്തമായ തിരിച്ചടിയും നൽകി. കൊഴിഞ്ഞാമ്പാറ പഞ്ചായത്ത് ഭരണം പോലും നഷ്ടപ്പെട്ടു. പി.കെ ശശിയെ കൂടാതെ വിഎസിന്റെ മുൻ പേഴ്സണൽ അസിസ്റ്റന്റ് ആയിരുന്ന എ.സുരേഷിനെയും കൂട്ടായ്മയുടെ ഭാഗമാക്കാനാണ് ശ്രമം.

ഇന്ന് വൈകീട്ടാണ് സിപിഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ നയിക്കുന്ന എൽഡിഎഫ് വടക്കൻ മേഖലാ വികസന മുന്നേറ്റ ജാഥ പാലക്കാടെത്തുന്നത്. ഇതിലേക്ക് പി.കെ ശശിയടക്കമുള്ളവർ എത്തുമോ എന്നാണ് എല്ലാവരും ഉറ്റുനോക്കുന്നത്. ഞായറാഴ്ചയാണ് മണ്ണാർക്കാട് മേഖലയിലൂടെയടക്കം ജാഥ കടന്നുപോവുന്നത്.

പദ്ധതിയുമായി കേരളം മുന്നോട്ട്; കേന്ദ്രസർക്കാരിന് കത്ത്

റാപ്പിഡ് റെയിൽ വേണം

തിരു: റാപ്പിഡ് റെയിൽ പദ്ധതിയുമായി കേരളം മുന്നോട്ടെന്ന് സൂചന. പദ്ധതിക്ക് സഹായം അഭ്യർഥിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്രസർക്കാരിന് കത്തയച്ചു. കേന്ദ്ര ഭവനനഗര കാര്യാലയ മന്ത്രി മനോഹർ ലാൽ ഖട്ടാറിനാണ് മുഖ്യമന്ത്രി കത്തയച്ചത്. ജനുവരി 28ന് സംസ്ഥാന മന്ത്രിസഭ അംഗീകരിച്ച പ്രപ്പോസലിന്റെ പകർപ്പ് സഹിതമാണ് കത്ത്.

ജനസാന്ദ്രത കണക്കിലെടുത്തും നഗരവൽക്കരണത്തിന്റെ തോത് പരിഗണിച്ചും സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കാൻ അനുമതി നൽകണമെന്നാണ് മുഖ്യമന്ത്രി കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്. വാഹന സാന്ദ്രതയേറിയതോടെ റോ

ഡ് അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾക്ക് കൂടുതൽ സമ്മർദമേറുകയാണെന്നും ഗതാഗതക്കുരുക്ക് ഒരളവ് വരെ പരിഹരിക്കാനും വർധിച്ച് വരുന്ന വാഹനാപകടങ്ങൾ കുറയ്ക്കാനും റെയിൽ പദ്ധതി സഹായിക്കുമെന്നാണ് കത്തിൽ പറയുന്നത്. പദ്ധതി നിലവിൽ വരുന്നത് പരിസ്ഥിതിക്ക് നല്ലതാണെന്നും കാർബൺ ബഹിർഗമനത്തോത് കുറയ്ക്കാൻ കഴിയുമെന്നും കത്തിൽ ചൂണ്ടിക്കാട്ടുന്നു.

ഡൽഹി മീറ്റ് ആർആർടിഎസ് ഇടനാഴി സംസ്ഥാനം വിശദമായി പഠിച്ചുവെന്നും ഇതിന്റെ അടിസ്ഥാനത്തിലാണ് അതിവേഗ റെയിൽപാതയെന്ന ആശയം മുന്നോട്ട് വയ്ക്കുന്നതെന്നും കത്തിൽ പറയുന്നു. കേരളത്തിന്റെ ഭൂമിശാസ്ത്രപരപവും ജനസംഖ്യാപരവുമായ പ്രത്യേകതകൾ കണക്കിലെടുത്ത് പദ്ധതിക്ക് അനുമതി നൽകണം. കൊച്ചി മെട്രോ മികച്ച രീതിയിലാണ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരത്തും കോഴിക്കോടും മെട്രോ പദ്ധതികൾക്ക് വൈകാതെ തുടക്കമാകുമെന്നും കത്തിൽ മുഖ്യമന്ത്രി ചൂണ്ടിക്കാട്ടുന്നു. റാപിഡ് റെയിൽ നടപ്പിലാക്കുന്നതിനായുള്ള പഠനത്തിനും ചട്ടക്കൂട് തയ്യാറാക്കുന്നതിനും അനുമതി നൽകണമെന്നും കത്തിൽ ആവശ്യമുന്നയിച്ചിട്ടുണ്ട്.

സെപ്റ്റിക് ടാങ്കിൽ ഇരുമ്പുപെട്ടി; ഉള്ളിൽ യുവതിയുടെ അഴുകിയ മൃതദേഹം

ഭോപ്പാൽ: മധ്യപ്രദേശിൽ യുവതിയെ കൊന്ന് മൃതദേഹം സെപ്റ്റിക് ടാങ്കിൽ തള്ളി. ഭോപ്പാലിലെ നിഷാത്പുരയിലാണ് അതിദാരുണമായ കൊലപാതകം. മഹാരാഷ്ട്ര ഗോണ്ടിയ സ്വദേശിനിയായ അഷ്ഫി എന്ന സിയ(33)യാണ് കൊല്ലപ്പെട്ടത്. സിയയുടെ കാമുകനായ സമീറും കുടുംബവുമായി കൊലപാതകത്തിന് പിന്നിലെന്ന് പോലീസ് പറഞ്ഞു.

വ്യാഴാഴ്ചയാണ് സമീറിന്റെ വീടിന് സമീപത്തെ ആളൊഴിഞ്ഞ പുരയിടത്തിലെ സെപ്റ്റിക് ടാങ്കിൽ സിയയുടെ മൃതദേഹം കണ്ടെത്തിയത്. സെപ്റ്റിക് ടാങ്കിൽ നിന്ന് ദുർഗന്ധം വമിച്ചതോടെ ഇവിടെ കളിക്കാനെത്തിയ കുട്ടികളാണ് നാട്ടുകാരെ വിവരമറിയിച്ചത്. തുടർന്ന് നാട്ടുകാരും പോലീസും സ്ഥലത്തെത്തി പരിശോധിച്ചപ്പോൾ ഒരു വലിയ ഇരുമ്പ് പെട്ടിയാണ് ടാങ്കിൽ കണ്ടത്. ഇത് പുറത്തെടുത്ത് പരിശോധിച്ചതോടെ അഴുകിയനിലയിലുള്ള മൃതദേഹം കണ്ടെത്തുകയായിരുന്നു.

മൃതദേഹത്തിന് നാലുദിവസത്തോളം പഴക്കമുണ്ടെന്ന് പോലീസിന്റെ പരിശോധനയിൽ സ്ഥിരീകരിച്ചിരുന്നു. കഴുത്ത് ഞെരിച്ചാണ് യുവതിയെ കൊലപ്പെടുത്തിയതെന്നും കണ്ടെത്തി. ഇതിനിടെ, യുവതിയുടെ കൈയിലുണ്ടായിരുന്ന ടാറ്റൂ നിർണായക തെളിവായി. '26 മേയ് 1992' എന്ന ജനനത്തീയതിയാണ് സിയയുടെ കൈയിൽ ടാറ്റൂചെയ്തിരുന്നത്. ഇത് കേന്ദ്രീകരിച്ചും മറ്റുവിവരങ്ങൾ ശേഖരിച്ചും നടത്തിയ അന്വേഷണത്തിൽ കൊല്ലപ്പെട്ടത് സമീറിന്റെ വീട്ടിൽ താമസിച്ചിരുന്ന സിയയാണെന്ന് സ്ഥിരീകരിക്കുകയായിരുന്നു.



ഒരുവർഷം മുൻപ് ഇൻസ്റ്റഗ്രാം വഴിയാണ് സിയയും വിവാഹിതനും രണ്ട് കുട്ടികളുടെ പിതാവുമായ സമീറും പരിചയപ്പെട്ടതെന്ന് പോലീസ് പറഞ്ഞു. പ്രണയം വളർന്നതോടെ മൂന്നുമാസം മുൻപ് സിയ വീടുവിട്ടിറങ്ങി. തുടർന്ന് ഭോപ്പാലിലെത്തി സമീറിനൊപ്പം താമസം ആരംഭിച്ചു.

ഭോപ്പാലിലെത്തിയശേഷമാണ് സമീറിന് ഭാര്യയും രണ്ടുകുട്ടികളുമുണ്ടെന്ന കാര്യം സിയ അറിഞ്ഞത്. എന്നാൽ, ഇക്കാര്യമറിഞ്ഞിട്ടും സിയ സമീറിനൊപ്പം വീട്ടിൽ താമസം തുടങ്ങി. ഇതോടെ സിയയും സമീറിന്റെ ഭാര്യയും തമ്മിൽ വഴക്കും പതിവായി. വഴക്കും തർക്കവും പതിവായതോടെ സമീറിന്റെ ഭാര്യ സ്വന്തം വീട്ടിലേക്ക് മടങ്ങി.

അതിനിടെ, സിയ വിവാഹം കഴിക്കാനായി സമീറിനെ നിർബന്ധിച്ചു. വിവാഹത്തിന് സമ്മതമല്ലെങ്കിൽ അഞ്ചുലക്ഷം രൂപ നൽകണമെന്നും അല്ലെങ്കിൽ പോലീസിൽ പരാതി നൽകുമെന്നും ഭീഷണിപ്പെടുത്തി. കഴിഞ്ഞ തിങ്കളാഴ്ചയും ഇരുവരും തമ്മിൽ ഇതേകാര്യത്തെച്ചൊല്ലി തർക്കമുണ്ടായി. തുടർന്നാണ് സമീർ സിയയെ കഴുത്തുഞെരിച്ച് കൊലപ്പെടുത്തിയതെന്നും പോലീസ് പറഞ്ഞു.

'ശബരിമല ശ്രീ ധർമ്മശാസ്താവാണെ സത്യം, വസ്തുതകൾ അതെന്നായാലും പുറത്തുവരും

തിരു: ആഗോള അയ്യപ്പ സംഗമത്തിലെ കണക്കുകളിൽ പിശകുകളുണ്ടെന്ന വാർത്തയിൽ പ്രതികരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് പി എസ് പ്രശാന്ത്. ചില ഉദ്യോഗസ്ഥരുടെ അലംഭാവം കാരണം സംഭവിക്കുന്ന പിഴവുകൾക്കുപോലും ഞങ്ങൾ കേൾക്കുന്ന പേരുദോഷം എത്ര ഭയങ്കരമാണ്. ശബരിമല ശ്രീ ധർമ്മശാസ്താവാണെ സത്യം, വസ്തുതകൾ അതെന്നായാലും പുറത്തുവരും.അതുവരെ ഇതൊക്കെ ക

ണ്ടും കേട്ടും ദു:ഖഭാരത്തോടെ സഹിക്കുകയേ നിവൃത്തിയുള്ളൂ. സ്വാമിയേ ശരണമയ്യപ്പ എന്നാണ് ഫേസ്ബുക്കിൽ പ്രശാന്ത് കുറിച്ചത്. അയ്യപ്പസംഗമം നടക്കുമ്പോൾ പ്രശാന്തായിരുന്നു ദേവസ്വം ബോർഡ് പ്രസിഡന്റ്.

കഞ്ഞാണി സെന്ററിൽ വാഹനാപകടം

തൃശ്ശൂർ:കാഞ്ഞാണി സെന്ററിൽ കാറും കോഴി കയറ്റി വന്നിരുന്ന പിക്കപ്പും കൂട്ടിയിടിച്ച് അപകടം. ഇന്ന് പുലർച്ചെ 4 മണിയോടെയാണ് സംഭവം. കാറിന്റെയും പിക്കപ്പിന്റെയും മുൻഭാഗങ്ങൾ തകർന്നു. അപകടം പതിവായ ഇവിടെ സിഗ്നൽ ലൈറ്റോ ഹൈമാസ്റ്റ് ലൈറ്റോ സ്ഥാപിക്കണമെന്ന ആവശ്യം ഉയരുന്നുണ്ട്. പഞ്ചായത്തോ സ്ഥലം എംഎൽഎയോ ഇതിൽ ഇടപെടണ മെന്നാണ് നാട്ടുകാരുടെ ആവശ്യം.

ടോറസ് ലോറി ഓപ്പൺ ജിമ്മിലേക്ക് ഇടിച്ചു കയറി അപകടം

കുന്നംകുളം: കുറുക്കൻ പാറയിൽ നിയന്ത്രണം വിട്ട ടോറസ് ലോറി ഓപ്പൺ ജിമ്മിലേക്ക് ഇടിച്ചു കയറി മതിൽ തകർന്നു. കുറുക്കൻ പാറ ട്രെഞ്ചിങ് ഗ്രൗണ്ടിൽ ബയോ മൈനിങ് ജോലിക്ക് എത്തിയ ടോറസ് ലോറി നിയന്ത്രണം വിട്ട് പുറകോട്ട് ഇറങ്ങി ഗ്രീൻ പാർക്കിന്റെ മതിലും ഓപ്പൺ ജിമ്മും തകർത്തു. അപകട സമയത്ത് ഓപ്പൺ ജിമ്മിൽ വ്യായാമം ചെയ്തിരുന്ന ആൾ അത്ഭുതകരമായി രക്ഷപ്പെടുകയും ചെയ്തു. വാഹനം സ്റ്റാർട്ട് ചെയ്തതോടെ പെട്ടെന്ന് നിയന്ത്രണം വിട്ട് പുറകോട്ട് നീങ്ങുകയായിരുന്നു. പാർക്കിന്റെ മതിൽ ഇടിച്ചു തകർത്ത ലോറി ഓപ്പൺ ജിമ്മിലേക്ക് ഇടിച്ചുകയറി. മതിലിന്റെ അവശിഷ്ടങ്ങൾ ജിമ്മിൽ വ്യായാമം ചെയ്തിരുന്ന ആളുടെ ശരീരത്തിലേക്ക് വീണെങ്കിലും ഇയാൾ നിസ്സാര പരിക്കുകളോടെ രക്ഷപ്പെടുകയായിരുന്നു . അതിഥി തൊഴിലാളിയാണ് അപകട സമയത്ത് വാഹനം ഓടിച്ചത് എന്നാണ് പ്രാഥമിക നിഗമനം. അപകടത്തെ തുടർന്ന് ജിമ്മിലെ ഉപകരണങ്ങൾക്ക് വലിയതോതിൽ നാശനഷ്ടങ്ങൾ സംഭവിച്ചു. സംഭവം അറിഞ്ഞ് നഗരസഭ അധികൃതർ സ്ഥലത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തി. നഗരസഭയുടെ നേതൃത്വത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

തൃശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്ന് രക്ഷപ്പെട്ട നേപ്പാൾ സ്വദേശി 3പേരെ കുത്തി പരിക്കേൽപ്പിച്ചു

തൃശൂർ: തൃശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ നിന്ന് രക്ഷപ്പെട്ട നേപ്പാൾ സ്വദേശി മൂന്നുപേരെ കുത്തി പരിക്കേൽപ്പിച്ചു. കാമത്ത് ലെയിനിൽ നിന്ന് ഹോട്ടലുടമയെ കുത്തി പടിഞ്ഞാറേ കോട്ടയിലെത്തി 2പേരെ കുത്തുകയായിരുന്നു. പരിക്കേറ്റവരെ അടുത്തുള്ള സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

നേപ്പാൾ സ്വദേശിയായ ഇയാളെ ഇന്ന് പുലർച്ചെയാണ് ആലുവ പൊലീസ് തൃശൂരിലെ മാനസികാരോഗ്യ കേന്ദ്രത്തിലെത്തിച്ചത്. കേന്ദ്രത്തിലെത്തിച്ച് അരമണിക്കൂറിനുള്ളിൽ ഇയാൾ ഇറങ്ങിപ്പോകുകയായിരുന്നു. ബാത്റൂം വഴി ചാടിപ്പോയെന്നാണ് പ്രാഥമിക നിഗമനം. തുടർന്ന് കാമത്ത് ലെയിനിലെത്തിച്ചേർന്ന ഇയാൾ മുരളി(66)യെന്ന ഹോട്ടലുടമയെ കുത്തിപ്പരിക്കേൽപ്പിക്കുകയായിരുന്നു. ശേഷം കാൽനടയായി പടിഞ്ഞാറേ കോട്ടയിലെത്തി 2 പേരെ കൂടി കുത്തിപ്പരിക്കേൽപ്പിക്കുകയും ചെയ്തു.

പരിക്കേറ്റ മുരളിയെ തൃശൂരിലെ അശ്വിനി ആശുപത്രിയിലും മറ്റ് 2പേരെ ജൂബിലി ആശുപത്രിയിലും പ്രവേശിപ്പിച്ചു. പ്രതിയെ പൊലീസ് വീണ്ടും പിടികൂടുകയും മാനസികാരോഗ്യ കേന്ദ്രത്തിലെത്തിച്ച് ചികിത്സ നൽകുകയും ചെയ്തു.

അജ്ഞാത മൃതദേഹം

കുന്നംകുളം: പട്ടിക്കര കായൽപ്പാടത്തെ തോട്ടുവരമ്പത്ത് 62 വയസ്സ് പ്രായം തോന്നിക്കുന്ന പുരുഷന്റെ മൃതദേഹം കണ്ടെത്തി. ഈ പ്രദേശത്ത് ഭിക്ഷാടനം നടത്തിയിരുന്ന ആളുടേതാണ് മൃതദേഹമെന്ന് കരുതുന്നത്.നാട്ടുകാരാണ് മൃതദേഹം കണ്ടത്. തുടർന്ന് പോലീസിനെ വിവരമറിയിക്കുകയായിരുന്നു.

Art Space
ഉദ്ഘാടനം തിങ്കളാഴ്ച ചാവക്കാട്
അക്ഷയ് - അഞ്ജലി യുവദമ്പതികളുടെ സംരംഭമായ ആർട്ട് ആന്റ് ക്രാഫ്റ്റ് സ്ഥാപനം ആർട്ട് സ്പെയ്സിന്റെ ഉദ്ഘാടനം തിങ്കളാഴ്ച രാവിലെ 10ന് ചാവക്കാട് മുനിസിപ്പൽ ചെയർമാൻ എ.എച്ച്. അക്ബർ നിർവ്വഹിക്കും. ചാവക്കാട്, ഏനാമാവ് റോഡിൽ പിലാക്കൽ പ്ലാസയിലാണ് ആർട്ട് സ്പെയ്സ്. ചാവക്കാട് സമുദ്രതീരം ബാർ & ഹോട്ടൽ മാനേജിംഗ് ഡയറക്ടർ കെ.വി. സുശീലന്റെ മകനാണ് അക്ഷയ്. അഞ്ജലി ടോംയാസ് പരസ്യ ഏജൻസി ഉടമ തോമസ് പാവറട്ടിയുടെ മകളും.
ആശംസകളോടെ...
TOMYAS

മഹാശിവരാത്രി ആശംസകൾ

HARE KRISHNA
JEWELLERY
Kailas Nagar, Yesudas Road
KUNNAMKULAM
Sandeep : 9745836426

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

അമല മെഡിക്കൽ കോളേജിന്റെയും ക്രൈസ്റ്റ് എൻജിനീയറിംഗ് കോളേജിന്റെയും സംയുക്ത പ്രോജക്ടിന് ദേശീയ പുരസ്കാരം

തൃശ്ശൂർ: അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസും ക്രൈസ്റ്റ് എൻജിനീയറിംഗ് കോളേജും സംയുക്തമായി വികസിപ്പിച്ച സ്മാർട്ട് ഓട്ടോമാറ്റിക് ഹോസ്പിറ്റൽ വേസ്റ്റ് സെഗ്രഗേഷൻ ഉപകരണത്തിന് ദേശീയ തലത്തിൽ ഒന്നാം സ്ഥാനവും മികച്ച ഇന്നൊവേറ്റർക്കുള്ള ക്യാഷ് പ്രൈസും ലഭിച്ചു.

തിരുചിറപ്പിള്ളി സെന്റ് ജോസഫ്സ് ഓട്ടോണമസ് കോളേജിൽ 2026 ഫെബ്രുവരി 10-ന് സംഘടിപ്പിച്ച 'ഇന്നൊവാത്തോൺ-2026' നാഷണൽ ലെവൽ ഇന്നൊവേഷൻ ഫെസ്റ്റിലായിരുന്നു നേട്ടം. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 40-ലധികം ടീമുകൾ പങ്കെടുത്ത മത്സരത്തിൽ ആരോഗ്യരംഗത്തെ സമകാലിക വെല്ലുവിളികൾക്ക് നവീന പരിഹാരങ്ങൾ അവതരിപ്പിക്കുകയായിരുന്നു ലക്ഷ്യം.

സെൻസർ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആശുപത്രി മാലിന്യങ്ങൾ സ്വയമേവ തരംതിരിക്കുന്ന സംവിധാനമാണിത്. എഡ്വിൻ ജോയ്, മുഹമ്മദ് നദീം നൗഷാദ് (അമല മെഡിക്കൽ കോളേജ്), അജയ് കൃഷ്ണ വി എസ്, അലോഷിയസ്, ഫ്രാൻസിസ്, ഫഹദ് എം ഡി, സിദ്ധാർത്ത് കെ എസ്, ഡോ. വിനോജ് പി ജി(ക്രൈസ്റ്റ് എൻജിനീയറിംഗ് കോളേജ്) എന്നിവരാണ് ഈ പ്രോജക്ടിന്റെ ഭാഗമായവർ. മാലിന്യ നിർമാർജന പ്രക്രിയ കൂടുതൽ കാര്യക്ഷമവും സുരക്ഷിതവുമാക്കുന്ന ഈ നവീകരണം ആരോഗ്യ സ്ഥാപനങ്ങൾക്ക് വലിയ പിന്തുണയാകുമെന്ന് വിലയിരുത്തപ്പെടുന്നു. സമാപന സമ്മേളനത്തിൽ കോളേജ് സെക്രട്ടറി ഡോ. ആരോഗ്യസാമി സേവ്യർ വിജയികളെ അഭിനന്ദിച്ചു.

തൃശൂരിൽ തപസ്യ – ദേശിയ നാടകോത്സവം

തൃശൂർ: തപസ്യ കലാ സാഹിത്യവേദി സുവർണ്ണ ജുബിലി ഭാഗമായി.തൃശൂരിൽ ദേശീയ അമചർ നാടകോത്സവവും, കലാ സാധക സംഗമവും സംഘടിപ്പിക്കുന്നു. 15 മുതൽ 18 വരെ റീജിയണൽ തിയേറ്ററിലാണ് വേദി. നാഷണൽ സ്കൂൾ ഓഫ് ഡ്രാമ സഹായത്തോടെയാണ് നാടകോത്സവം ഒരുക്കുന്നത്.

അജ്ഞാത കഥ(ഗോവൻ നാടോടി ഗോത്ര നാടകം), യാക്കൈകളരി (തമിഴ്), ചെറിത്തോട്ടം (റഷ്യൻ) ഹയവദന(കാശ്മീരി), എന്നീ നാടകങ്ങളാണ് അവതരിപ്പിക്കുന്നത്.

ദിവസവും കലാ അവതരണങ്ങൾ, ആദര ണസഭ, നാടൻ കല,, സംഗീത സായാഹ്നം, വാദ്യ വിരുന്ന് എന്നിവയും ഉണ്ടായിരിക്കും. പത്മ ശ്രീ കലാമണ്ഡലം ഗോപി ,നടന കൈരളി വേണു ജി, പത്മശ്രീ പെരുവനം കുട്ടൻ മാരാർ, മട്ടന്നൂർ ശങ്കരൻ കുട്ടി, കിഴ കൂട്ട് അനിയൻ മാരാർ തുടങ്ങിയവർ ആദരണ സഭയിൽ പങ്കെടുക്കും.

15 ന് വൈകീട്ട് സുരേഷ് ഗോപി എം.പി. നാടകോത്സവം ഉൽഘാടനം ചെയ്യും. സി.എൽ. ജോസ് ഇടി. വർഗീസ് എന്നിവരെ ആദരിക്കും. നാഷണൽസ്കൂൾ ഓഫ് ഡ്രാമ ഡയറക്ടർ വീണ ശർമ്മമുഖ്യ ഭാഷണം ചെയ്യും.

പരിപാടികൾ വിശദീകരിച്ച വാർത്താ സമ്മേളനത്തിൽ വടക്കുംപാട്ട് നാരായണൻ/പ്രഫ: ടി.പി.സുധാകരൻ, സി. സി. സുരേഷ്, ശശി നാരായണൻ പങ്കെടുത്തു.

വാഹനമിടിച്ചു തെരുവുനായ്ക്കു ഗുരുതര പരുക്ക്; പഞ്ചായത്ത് പ്രസിഡന്റ് തുണയായി

തിരൂർ. തിരൂർ സർവീസ് സഹകരണ ബാങ്കിന് സമീപം വാഹനമിടിച്ചു തെരുവ് നായ്ക്കു ഗുരുതരപരുക്കുപറ്റി. രാവിലെ 11 മണിക്ക്അപകടം നടന്നത്. ആരും തിരിഞ്ഞ് നോക്കാതെ വേദയോടെ റോഡിൽ കിടന്ന നായയെ 4 മണിയോടെ കോലഴി പഞ്ചായത്ത് പ്രസിഡന്റ് എൻ. എ. സാബു സഹായികളും ചേർന്നു. പഞ്ചായത്ത്വാഹനത്തിൽ കോലഴിയിലെ മൃഗശുപത്രിയിൽ എത്തിച്ചു പി ആർ. രാജീവ് സീനിയർ വെറ്ററിനറി സർജന്റെ നേതൃത്വത്തിൽ പ്രഥമ ശുശ്രൂഷ നൽകി.18 സ്റ്റിച്ച് വേണ്ടിവന്നു 6 മണിയോടെ നായ സുഖം പ്രാപിച്ചു

സ്കൗട്ട്സ് & ഗൈഡ്സ് എം.സി. പോൾ അനുസ്മരണം നടത്തി

ഇരിങ്ങാലക്കുട : കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സിന്റെ ആഭിമുഖ്യത്തിൽ മുൻ സ്കൗട്ട്സ് & ഗൈഡ്സ് ജില്ലാ പ്രസിഡന്റും ഇരിങ്ങാലക്കുടയിലെ പ്രമുഖ സാമൂഹ്യ സംസ്ക്കാരിക വ്യക്തിയുമായിരുന്ന എം. സി. പോളിന്റെ എട്ടാമത് അനുസ്മരണ ദിനം ആചരിച്ചു ഇരിഞ്ഞാലക്കുട നഗരസഭാ കൗൺസിലർ ഡെലി സിജു യോഹന്നാൻ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു സ്കൗട്ട്സ് ജില്ലാ കമ്മീഷണർ എൻ. സി.വാസു അധ്യക്ഷനായിരുന്നു. എഡി.ഒ.സി പി.എ. സെയ്ത് മുഹമ്മദ് എം.സി. പോൾ അനുസ്മരണ പ്രഭാഷണം നടത്തി ജില്ലാ സെക്രട്ടറി ഡൊമിനിക് പാറേക്കാട്ട് സ്വാഗതവും, ഹയർ സെക്കന്ററി കോഡിനേറ്റർ ടി.എൻ. പ്രസീത നന്ദിയും പറഞ്ഞു.ഡി.ഒ.സി. കെ. ഡി.ജയപ്രകാശൻ,വി. എസ്. ദാസൻ, സുശീൽ കെ.വി മുഹമ്മദ്റോഷൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി വിവിധ വിദ്യാലയങ്ങളിൽ നിന്ന് 60 സ്കൗട്ട് & ഗൈഡ്സ് കുട്ടികളും അവരുടെ അധ്യാപകരും ചടങ്ങിൽ പങ്കെടുത്തു തുടർന്ന് സ്കൗട്ട്സ് & ഗൈഡ്സ് കുട്ടികൾക്കായുള്ള ജില്ലാതല ക്വിസ്, പെൻസിൽ ഡ്രോയിംഗ്, ചിത്രരചന, എസ്സെ എന്നീ മത്സരങ്ങൾ നടത്തി.

കീം പരീക്ഷയിൽ തുല്യനീതി ഉറപ്പാക്കി : അജാസ്

എൻജിനീയറിങ് പ്രവേശന പരീക്ഷയായ കീമിൽ (KEAM) തുല്യനീതി ഉറപ്പാക്കാനായി വിദ്യാഭ്യാസ പ്രവർത്തകനും എഡ്യൂപോർട്ട് സ്ഥാപകനുമായ അജാസ് കോഴിക്കോട് നടത്തിയ പോരാട്ടങ്ങൾ ശ്രദ്ധേയമാകുന്നു. ബോർഡ് പരീക്ഷക്കും പ്രവേശന പരീക്ഷക്കും നല്ല മാർക്ക് നേടിയാലും റാങ്ക് പട്ടികയിടുമ്പോൾ സംസ്ഥാന സിലബസ് പഠിച്ച വിദ്യാർഥികൾ പിന്നിലാകുന്ന സാഹചര്യത്തിൽ മാർക്ക് നോർമലൈസേഷൻ എങ്ങനെയാണ് സംസ്ഥാന സിലബസിലെ വിദ്യാർഥികൾക്ക് തിരിച്ചടിയാകുന്നതെന്ന് ഡാറ്റയുടെ അടിസ്ഥാനത്തിൽ ഉയർത്തിക്കാട്ടിയാണ് അജാസ് പ്രശ്നത്തിൽ ഇടപെട്ടത്.

പ്രവേശന പരീക്ഷാ മാർക്കും പ്ലസ് ടു (ക്ലാസ് 12) ബോർഡ് പരീക്ഷാ മാർക്കും തുല്യമായി പരിഗണിച്ചാണ് കീം റാങ്കിങ്ങ് നിർണയിക്കുന്നത്. രണ്ടും കൂട്ടി 600 മാർക്കാണ് കണക്കാക്കുന്നത്. സംസ്ഥാന സിലബസ് ഉൾപ്പെടെ വിവിധ ബോർഡുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ പങ്കെടുക്കുന്ന പരീക്ഷയായതിനാൽ, സമത്വം ഉറപ്പാക്കുന്നതിനായി ഉപയോഗിച്ചിരുന്ന നോർമലൈസേഷൻ ഫോർമുലയിലെ പ്രശ്നങ്ങളാണ് അജാസ് അധികാരികൾക്ക് മുൻപിൽ തുറന്നുകാട്ടിയത്. നോർമലൈസേഷൻ സംവിധാനത്തിനെതിരെ സുപ്രീം കോടതിയിൽ വരെ പോയ അജാസ് സുതാര്യതമായും മെറിറ്റ് അടിസ്ഥാനത്തിലുള്ള റാങ്കിങ്ങ് സംവിധാനം വേണമെന്ന് വാദിച്ചു.

അജാസിന്റെ പോരാട്ടത്തെ തുടർന്ന് 2025-ൽ, ഫലം പ്രഖ്യാപിച്ചതിന് ശേഷം പുതുക്കിയ നോർമലൈസേഷൻ ഫോർമുല നടപ്പാക്കി. മെറിറ്റിനെ അട്ടിമറിക്കുന്ന ഘടനാപരമായ പിഴവ് തിരുത്തുന്നതിനായിരുന്നു തന്റെ പോരാട്ടമെന്ന് അജാസ് പറഞ്ഞു.

പുതിയ രീതി സംസ്ഥാന സിലബസിൽ പഠിക്കുന്ന ആയിരക്കണക്കിന് വിദ്യാർഥികൾക്കും അവരുടെ കുടുംബങ്ങൾക്കും ആശ്വാസം പകരുന്നതായും അദ്ദേഹം പറഞ്ഞു

പുതുക്കാട് ആർ എസ് റോഡിൽ പള്ളിക്ക് പിൻവശം സാൻജോസ് ബിൽഡിങ്ങിൽ നവീകരിച്ച ജെയ് സ്റ്റുഡിയോ **ജെയ് സ്റ്റോറീസ്** എന്നപേരിൽ വീണ്ടും പ്രവർത്തനം ആരംഭിച്ചു. സ്റ്റുഡിയോയുടെ ഉദ്ഘാടനം ജിനു ജോസഫും ഹെലൻ ഡേവിഡും നിർവ്വഹിച്ചു. 2-ാം വാർഡ് മെമ്പർ ജോളി ചുക്കിരിയാനും, സെബി കൊടിയനും ചേർന്ന് നിലവിളക്ക് കൊളുത്തി. ഉടമസ്ഥരായ ജിജോയും ജോസഫും വിശിഷ്ടാതിഥികളെ സ്വീകരിച്ചു.

ഇരിങ്ങാലക്കുടയിൽ വിശ്വ സാഹോദര്യ ദീപ പ്രോജ്വലനം വിസ്മയ കാഴ്ചയായി

ഇരിങ്ങാലക്കുട മാർക്കറ്റിലെ വ്യാപാരികളും തൊഴിലാളികളും ഡ്രൈവർമാരും ചേർന്ന് സംഘടിപ്പിച്ച ടൗൺ അമ്പ് ഫെസ്റ്റിനോടനുബന്ധിച്ച് ജീവ കാരുണ്യ പ്രവർത്തകൻ നിസാർ അഷറഫിന്റെ നേതൃത്വത്തിൽ മുനിസിപ്പൽ മൈതാനിയിൽ വിശ്വ സാഹോദര്യത്തിന്റെ പതിനായിരം ദീപങ്ങൾ തെളിയിച്ച് ദീപ പ്രോജ്വലനം വിസ്മയ കാഴ്ചയായി മാറി. ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി.ഡോ.ആർ. ബിന്ദു പൊതു സമ്മേളനം ഉദ്ഘാടനം ചെയ്തു. മുനിസിപ്പൽ ചെയർപേഴ്സൺ എം.പി. ജാക്സൺ അധ്യക്ഷത വഹിച്ചു. രൂപത ബിഷപ്. മാർ പോളി കണ്ണൂക്കാടൻ അനുഗ്രഹ പ്രഭാഷണം നടത്തി. ഠാണാ ജുമ മസ്ജിദ് ഇമാം കബീർ മൗലവി, ദേവസ്വം ചെയർമാൻ അഡ്വ.സി.കെ. ഗോപി, കത്തിഡ്രൽ വികാരി റവ.ഡോ. ലാസർ കുറ്റിക്കാടൻ, പ്രതിപക്ഷ നേതാവ് പി.വി.ശിവകുമാർ, മുൻ മുനിസിപ്പൽ ചെയർ പേഴ്സൺ സോണിയ ഗിരി, നഗരസഭ മുൻ സെക്രട്ടറി ഷാജിക് എം.എച്ച്, നിസാർ അഷറഫ്, ടൗൺ അമ്പ് കമ്മറ്റി ജനറൽ കൺവീനർ ജിക്സൺ മങ്കിടിയാൻ,നിഷിന നിസാർ, ടെൽസൺ കോട്ടോളി എന്നിവർ പ്രസംഗിച്ചു. അമ്പ് പ്രദക്ഷിണം മുനിസിപ്പൽ മൈതാനിയിൽ എത്തുന്ന സമയത്ത് ചൈനയിൽ നിന്ന് ഇറക്കുമതി ചെയ്ത അഞ്ച് മണിക്കൂർ സമയം കത്തുന്ന പതിനായിരത്തോളം മെഴുകുതിരികൾ മൈതാനത്ത് നിരനിരയായി കത്തിച്ച് വെച്ചാണ് അമ്പിനെ വരവേൽക്കുന്നത്.

പ്രോജ്വലനത്തിന്റെ സംഘാടനത്തിന് വേണ്ടി അഹരോത്രം ബുദ്ധിമുട്ടിയ സൂട്ടർ ആലേങ്ങാടൻ, ഷോബി മാമ്പിള്ളി, കൃഷ്ണകുമാർ എന്നിവരെ പൊന്നാടയണിച്ച് മന്ത്രി ആദരിച്ചു. ദീപ പ്രോജ്വലനത്തിന് സാക്ഷ്യം വഹിക്കാൻ മുനിസിപ്പൽ മൈതാനിക്ക് ചുറ്റുമായി അയ്യായിരത്തിലധികം പേർ ഒത്തുകൂടി.

101–ാം വാർഷികവും ശതാബ്ദി സ്മാരക ഹാൾ സമർപ്പണവും

അവിട്ടത്തൂർ : ഹോളി ഫാമിലി എൽ.പി. വിദ്യാലയത്തിന്റെ 101 -ാം വാർഷികവു ,ശതാബ്ദി സ്മാരക ഹാൾ സമർപ്പണവും നടന്നു. പ്രശസ്ത സിനിമ നടനും, കാരികേച്ചർ കലാകാരനുമായ ജയരാജ് വാര്യർ ഹാളിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. പൊതുസമ്മേളനം മാനേജറും, ഹോളി ഫാമിലി പാവനാത്മ പ്രൊവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയറുമായ റവ സി.ഡോ. ട്രീസ ജോസഫ് അധ്യക്ഷതയിൽ അവിട്ടത്തൂർ ഹോളി ഫാമിലി ചർച്ച് വികാരി റവ ഫാ : റെനിൽ കാരാത്ര ഉദ്ഘാടനം ചെയ്തു. വേളുക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ഷീജ ഉണ്ണികൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് മെമ്പറും,ശതാബ്ദി ആഘോഷ കമ്മിറ്റി ചെയർമാനും മായ ജോസ് ജെ. ചിറ്റിലപ്പള്ളി, റവ.ഫാ ഡേവീസ് പട്ടത്ത്, പഞ്ചായത്തംഗങ്ങളായ വിദ്യ നെഹ്റു, സി.എസ്. ഓമനക്കുട്ടൻ, ബിന്ദു.വി, പ്രധാനാധ്യാപിക റവ സിസ്റ്റർ ജെസീന ഇഒഎ , ലോക്കൽ മാനേജർ റവ .സിസ്റ്റർ ആനി വർഗീസ് ഇഒഎ, ജോളി ജോസഫ്, പി.ടി.എ. പ്രസിഡണ്ട് പ്രസാദ് എ, കെ. എസ്. സജ്യു എന്നിവർ പ്രസംഗിച്ചു. ഈ അധ്യയന വർഷം ഇരിഞ്ഞാലക്കുട ഉപജില്ലാതലത്തിൽ പാഠ്യ പാഠ്യേതര തലത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ച വിദ്യാലയത്തിലെ മിന്നും താരങ്ങളെ അനുമോദിച്ചു. തുടർന്ന് കുട്ടികളുടെ കലാവിരുന്നും, ജയരാജ് വാര്യർ സ്റ്റേജ് ഷോയും ഉണ്ടായിരുന്നു.

രോഗി ബന്ധു പുരസ്കാരം ഡോക്ടർ ചിന്തക്ക് സമ്മാനിച്ചു

മറ്റം:കുനംമൂച്ചി സത്സംഗിന്റെ രോഗി ബന്ധു പുഹരസ്കാരം കണ്ടാണശ്ശേരിപ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഡോക്ടർ ചിന്താ കെ പി ക്ക് സമ്മാനിച്ചു. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നടന്ന ചടങ്ങിൽ സത്സംഗ് ചെയർമാൻ മേജർ പി ജെ സ്റ്റൈജുവാണ് ഡോക്ടർക്ക് ഉപഹാര സമ്മാനിച്ചത്. ആരോഗ്യ കേന്ദ്രത്തിലെ ജീവനക്കാർ ചേർന്ന് ഡോക്ടറെ പൊന്നാട അണിയിച്ചു. ഹെൽത്ത് ഇൻസ്പെക്ടർ ജോസഫ് എൻ.എഫ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ ബിഞ്ചു ജെയ്ക്കബ് സി ശരത് ടി.എസ് പബ്ലിക് ഹെൽത്ത് നഴ്സ് ജോയ്സി സത്സംഗ് ട്രഷറർ ബിജോയ് പി. ജെ എന്നിവർ ആശംസകൾ നേർന്നു. കണ്ടാണശ്ശേരി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ഉയർച്ചക്ക് ചിന്ത ഡോക്ടർ വഹിച്ച പങ്കും ' രോഗികളോടുള്ള ഡോക്ടറുടെ നന്മനിറഞ്ഞ പെരുമാറ്റവും കണക്കിലെടുത്താണ് ഡോ ചിന്തയെ രോഗി ബന്ധുപുരസ്കാരത്തിന് തെരഞ്ഞെടുത്തതെന്ന് സത്സംഗ് കോഡിനേറ്റർ ജോമി ജോൺസൺ അറിയിച്ചു. ഡോ. ചിന്ത കെ.പി മറുപടി പ്രസംഗം നടത്തി.

കോടതിപരസ്യം

ബഹു. തൃശ്ശൂർ 2-ാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

OS: 1737/2012, EP: 134/2022, EA: 1876/2025

1) അമ്മിണി, W/o. രാഘവൻ,കടവിൽ വീട് നടത്തറ വില്ലേജ്
2) രാധ, W/o. ആന്റോ താഴേക്കാടൻ, കല്ലടിമൂല, ചേറൂർ, തൃശ്ശൂർ.
3) ലീല, W/o. ചന്ദ്രൻ പുല്ലാനിപറമ്പ്, പുറനാട്ടുകര, തൃശ്ശൂർ.
4) കുട്ടൻ, S/o. കിട്ടു. കാരാമൽ വീട്, പെരിങ്ങാവ് വില്ലേജ്. തൃശ്ശൂർ

ഹരജിക്കാർ/വി.ഉ.

1) രമണി, W/o. തങ്കപ്പൻ, കാരാമൽ വീട്, പെരിങ്ങാവ് വില്ലേജ്, തൃശ്ശൂർ
2) രമിത,, D/o. തങ്കപ്പൻ, കാരാമൽ വീട്, പെരിങ്ങാവ് വില്ലേജ്, തൃശ്ശൂർ
3) രജിത. D/o. തങ്കപ്പൻ, കാരാമൽ വീട്, പെരിങ്ങാവ് വില്ലേജ്, തൃശ്ശൂർ
4) രഹിത, D/o. തങ്കപ്പൻ, കാരാമൽ വീട് പെരിങ്ങാവ് വില്ലേജ്, തൃശ്ശൂർ

-എതൃകക്ഷികൾ/5, 6, 7, 8 വിധി കടക്കാർ

മേൽനമ്പ്രേ കേസിലെ മേൽനമ്പ്രേ ഹരജിയിൽ 5, 6, 7, 8 വിധികടക്കാർക്കുള്ള നോട്ടീസ് ടിയാരുടെ വാസസ്ഥലത്തും കോടതിയിലും പതിച്ചു നടത്തുവാനും പത്രത്തിൽ പരസ്യം ചെയ്യുവാനും കല്പ്പിച്ച് കേസ് **20-2-2026** തിയ്യതിക്ക് വെച്ചിരിക്കുന്നു. മേൽനമ്പ്രേ ഹരജിയിൽ 5, 6, 7, 8 വിധികടക്കാർക്ക് എന്തെങ്കിലും തർക്കങ്ങൾ ഉണ്ടെങ്കിൽ ആയത് മേൽ തിയ്യതി രാവിലെ 11 മണിക്ക് ബഹു: തൃശ്ശൂർ രണ്ടാം അഡീഷ്ണൽ മുൻസിഫ് കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളു

എന്ന് 06-02-2026

വിധി ഉടമഭാഗം അഡ്വക്കെറ്റ്

കെ.എസ്.ജയചന്ദ്രൻ (ഒപ്പ്)